"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് - പദ്ധതിയിൽ അംഗത്വം നിഷേധിച്ചതിനെതിരായ ശ്രീ. സിനോജ് സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.240/2026/LBR തീയതി,തിരുവനന്തപുരം, 20-02-2026

---

പരാമർശം:-

1. 03.10.2024-ൽ ശ്രീ. സിനോജ് തൊഴിൽ വകുപ്പ് സെക്രട്ടറിയ്ക്ക് സമർപ്പിച്ച അപേക്ഷ.
2. 25.10.2024, 18.07.2025, 14.10.2025 തീയതികളിലെ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ KTWWFB/6/2024-C4 നമ്പർ കത്തുകൾ.

**ഉത്തരവ്**

2003 മുതൽ കരുനാഗപ്പള്ളി റേഞ്ചിലെ TS No. 30 പുതിയകാവ് ഷോപ്പിൽ താൽകാലിക തൊഴിലാളിയായിരുന്നുവെന്നും പദ്ധതി അംഗത്വത്തിനുവേണ്ടി 2006, 2007 വർഷങ്ങളിൽ സമർപ്പിച്ച അപേക്ഷ ബോർഡ് നിരസിച്ചതായും തുടർന്ന് നിരസന ഉത്തരവിനെതിരെ WP(C) 28708/2007, WP(C) 12706/2024 എന്നിവ ഫയൽ ചെയ്യുകയും ആയതിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തന്റെ അപേക്ഷ ബോർഡ് പരിഗണിച്ചുവെങ്കിലും രണ്ട് പ്രാവശ്യവും അപേക്ഷ നിരസിക്കുകയാണുണ്ടായതെന്നും തന്നെ നേരിൽ കേൾക്കുന്നതിനുള്ള അവസരം നിഷേധിച്ചാണ് ഇപ്രകാരം ഒരു തീരുമാനം ബോർഡ് കൈക്കൊണ്ടത് എന്നാരാപിച്ച് പരാമർശം(1) പ്രകാരം കൊല്ലം പെരിനായ് തൃക്കാണ്ടാവൂർ സ്വദേശി താന്നിമൂല എടത്തുണ്ടിൽ ശ്രീ.എസ്. ബാലകൃഷ്ണപിള്ള മകൻ ശ്രീ. സിനോജ് സർക്കാരിനെ സമീപിച്ചിരിക്കുന്നു.

2. ടി.എസ് നമ്പർ 30, പുതിയകാവ് കള്ള്ഷാപ്പിൽ 2005-2006 കാലയളവിൽ 10 തൊഴിലാളികൾ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തു ജോലി ചെയ്തിരുന്നവരിൽ വിൽപ്പന തൊഴിലാളിയായി ജോലി ചെയ്തിരുന്ന ശ്രീ ബ്രഹ്മവ്രതൻ റ്റി കെ-യ്ക്ക് 60 വയസ്സ് തികഞ്ഞ് 30/06/2005-ൽ ജോലിയിൽ നിന്നും പിരിഞ്ഞു പോയി. ടി ഒഴിവിലേയ്ക്ക് ശ്രീ സിനോജിനു ക്ഷേമനിധിയിൽ രജിസ്ട്രേഷൻ അനുവദിക്കണമെന്നും തന്നിൽ നിന്നും ക്ഷേമനിധി ഈടാക്കണമെന്നും ആവശ്യപ്പെട്ട് 09/08/2006-ൽ ലൈസൻസി അപേക്ഷ നൽകിയിരുന്നു. ടി എസ് നമ്പർ 30, പുതിയകാവ് കള്ള് ഷാപ്പിന്റെ 2005-2006 വർഷത്തെ നിർണ്ണയ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് തെളിവെടുപ്പിനുവേണ്ടി ലൈസൻസി ശ്രീ മോഹൻലാൽ 05/07/2006-ന് നോട്ടീസ് കൈപ്പറ്റിയെങ്കിലും 10/07/2006-ലെ തെളിവെടുപ്പിൽ നിന്നും വിട്ടുനിന്നു. അന്നേദിവസം തൊഴിലാളികളുടെയും യൂണിയൻ പ്രതിനിധിയുടെയും മൊഴി രേഖപ്പെടുത്തുകയും വിൽപ്പന തൊഴിലാളിയായി താൽകാലികമായി മുൻപ് ജോലിചെയ്തിരുന്ന ശ്രീ.മോഹനനെ ഉൾപെടുത്തി വേതന സ്റ്റേറ്റ്മെന്റ് ഹാജരാക്കുകയും ചെയ്തിരുന്നു. അതിൻപ്രകാരം ശ്രീ. മോഹനനെ ഉൾപ്പെടുത്തി 10 തൊഴിലാളികളുടെ ക്ഷേമനിധി 1,30,216/-രൂപ തിട്ടപ്പെടുത്തി പ്രീ അസ്സസ്സ്മെന്റ് നോട്ടീസ് 14/2/2007-ൽ ലൈസൻസിയായ ശ്രീ.മോഹൻലാലിന്

അയച്ചുനൽകിയിരുന്നു. ഇതിന് എതിരെ ശ്രീ മോഹൻലാൽ നൽകിയ ആക്ഷേപത്തിന്റെയും, രജിസ്ട്രേഷൻ ലഭിക്കണം എന്ന് ആവശ്യപ്പെട്ട് ശ്രീ.സിനോജ് ബഹു.ഹൈക്കോടതിയിൽ WP(C)28708/2007 കേസ് ഫയൽ ചെയ്തതിന്റെ 27/09/2007-ലെ വിധിന്യായത്തിന്റെയും അടിസ്ഥാനത്തിൽ ലൈസൻസി, യൂണിയൻ സെക്രട്ടറി, തൊഴിലാളികൾ, വിൽപ്പന തൊഴിലാളിയായി ജോലി ചെയ്തു എന്നവകാശപ്പെടുന്ന ശ്രീമോഹനൻ, ശ്രീ സിനോജ്, സിനോജിന്റെ അഡ്വക്കേറ്റ് എന്നിവരെ പങ്കെടുപ്പിച്ച് കൊണ്ട് 05/10/2007-ൽ വീണ്ടും തെളിവെടുപ്പ് നടത്തി. തെളിവെടുപ്പിൽ ഹാജരാക്കപ്പെട്ട തെളിവുകളുടെയും മൊഴികളടെയും മറ്റ് അന്വേഷണത്തിലും ശ്രീ സിനോജ് കള്ള് വ്യവസായവുമായി ബന്ധപെട്ട് വേതനത്തിന്റെ അടിസ്ഥാനത്തിൽ ജോലി ചെയുന്ന ഒരാളല്ലെന്നും ടിയാൻ ലൈസൻസിയുടെ സഹായിയായി ഷാപ്പിൽ മേൽനോട്ടം നടത്തുന്ന ആളാണെന്നും എന്നാൽ ശ്രീ മോഹനൻ കുറെ വർഷങ്ങളായി താൽകാലിക വിൽപ്പന തൊഴിലാളിയായി ജോലി ചെയ്തു വരുന്ന ആളാണെന്നും ലൈസൻസിയുടെ സമ്മതത്തോടെ 01/07/2005 മുതൽ ശ്രീ ബ്രഹ്മവ്രതൻ റ്റി കെ യ്ക്ക് പകരം ശ്രീ മോഹനൻ ജോലിയിൽ കയറിയ ആളാണെന്നു യൂണിയൻ ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് അംഗികരിക്കുന്നു എന്നുമുള്ള മൊഴിയുടെ അടിസ്ഥാനത്തിൽ 03/11/2007-ൽ ഫൈനൽ അസസ്സ്മെന്റ് ഓർഡർ പുറപ്പെടുവിച്ചു. ടി ഉത്തരവിനെതിരെ ലൈസൻസി ബഹു.ഹൈക്കോടതിയിൽ WP(C)7032/2008 ഫയൽ ചെയ്തു. ടി കേസിന്റെ വിധി പ്രകാരം നടത്തിയ 30/06/2008-ലെ ഹിയറിംഗിൽ ലൈസൻസി വിരുദ്ധമായ മൊഴി നൽകുകയും 14/02/2007-ലെ പ്രീ-അസസ്സ്മെന്റ് ഉത്തരവാക്കുന്നതിന് സമ്മതമാണെന്നും ലൈസൻസി അറിയിച്ചു. അതിൻപ്രകാരം 16/08/2008-ൽ പുനർ നിർണ്ണയ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതിനുശേഷം ശ്രീ.മോഹൻലാൽ ലൈസൻസിയായിരുന്ന കാലയളവിൽ എല്ലാം മേൽ പറഞ്ഞിരിക്കുന്ന അസ്സെസ്സ്മെന്റ് പ്രകാരമുള്ള തൊഴിലാളികളെ ഉൾപ്പെടുത്തി തുടർന്നുള്ള കാലയളവിൽ നിർണ്ണയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആ കാലയളവിൽ ഒന്നും ശ്രീ.സിനോജ് ജോലി ചെയ്തിരുന്നു എന്ന് തൊഴിലുടമ ആക്ഷേപം ഉന്നയിച്ചിരുന്നില്ല. ശ്രീ.സിനോജ് നാളിതുവരെ ക്ഷേമനിധിയിൽ അംഗത്വം നൽകാത്തതിനെതിരെ WP(C)26504/17 ഫയൽ ചെയ്യുകയും ടി കേസിന്റെ 13/02/2020-ലെ വിധിന്യായ പ്രകാരം ശ്രീ.സിനോജിനെ ക്ഷേമനിധിയിൽ, രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ രേഖകൾ ടിയാൻ ഹാജരാക്കുകയാണെങ്കിൽ ആയത് പരിശോധിച്ച് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർക്ക് ഉത്തരവ് ഇറക്കാമെന്ന് നിർദ്ദേശിച്ചു. എന്നാൽ വിശ്വസനീയമായ രേഖകൾ ഹാജരാക്കാൻ ശ്രീ.സിനോജിനു കഴിയാത്ത സാഹചര്യത്തിൽ ടിയാനെ 2005-2006 വർഷങ്ങളിലെ ഫണ്ടിൽ ഉൾപ്പെടുത്താൻ യാതൊരു നിർവ്വാഹമില്ല എന്ന വിവരം 12/02/2024-ലെ കത്ത് പ്രകാരം ടിയാനെ അറിയിക്കുകയും അതിനെതിരെ ശ്രീ സിനോജ് ഫയൽ ചെയ്ത WP(C) 12706/2024 നമ്പർ കേസിലെ 26.06.2024-ലെ വിധിന്യായത്തിൽ ഈ വിഷയം പുന:പരിശോധിക്കുവാൻ ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർക്ക് നിർദ്ദശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 24.09.2024-ലെ C4/6/2024/KTWWFB നമ്പർ നടപടിക്രമം പ്രകാരം ടിയാന്റെ അവകാശവാദം നിരസിച്ച്, കോടതി വിധി നടപ്പാക്കി വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് പരാമർശം(2) പ്രകാരം ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാരിൽ നൽകിയ അപേക്ഷ പരിഗണിച്ച് ബന്ധപ്പെട്ട കക്ഷികളുമായും കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രതിനിധികളുമായും 28-05-2025-ന് നടത്തിയ ഹിയറിംഗിൽ പരാതിക്കാരനോടൊപ്പം അഡ്വ. ചാൾസ് വർഗ്ഗീസ്, തൊഴിലുടമ ശ്രീ.പി. മോഹൻലാൽ എന്നിവരും ബോർഡിനെ പ്രതിനിധീകരിച്ച് അക്കൗണ്ട്സ് ഓഫീസർ ശ്രീ.ഗിരീഷ് ജി.കെ, സീനിയർ സൂപ്രണ്ട് ശ്രീമതി. മല്ലികാദേവി എം.പി എന്നിവരും പങ്കെടുത്തു.

4. ശ്രീ.സിനോജിന് വേണ്ടി ഹാജരായ അഡ്വ. ചാൾസ് വർഗ്ഗീസ്, ശ്രീ. സിനോജിന് രജിസ്ട്രേഷൻ കാർഡ് നൽകണമെന്നാവശ്യപ്പെട്ട് ലൈസൻസി ശ്രീ. പി. മോഹൻലാൽ 03/08/2005-ലും 09/08/2006-ലും കൊല്ലം ജില്ലാ വെൽഫയർ ഇൻസ്പെക്ടർ മുമ്പാകെ അപേക്ഷ

സമർപ്പിച്ചിരുന്നുവെങ്കിലും അനുകൂല തീരുമാനമുണ്ടായില്ലെന്നും, 2002 മുതൽ ഷാപ്പിൽ ജോലി ചെയ്യുന്ന ശ്രീ.സിനോജ് രാവിലെ ചെത്ത് തൊഴിലാളികൾ കൊണ്ടുവരുന്ന കള്ള് അളന്നു വാങ്ങുന്നത് ഉൾപ്പെടെയുള്ള ജോലികളാണ് ചെയ്തിരുന്നതെന്നും, അല്ലാതെ ചെറിയ സ്ഥാപനമായതിനാൽ മേൽനോട്ട ചുമതല മാത്രം നിർവ്വഹിക്കുകയല്ല ചെയ്തതെന്നും ബോധിപ്പിച്ചു. തുടർന്നാണ് രജിസ്ട്രേഷൻ ലഭിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സിനോജിന് പല പ്രാവശ്യം ബഹു. ഹൈക്കോടതിയെ സമീപിക്കേണ്ടി വന്നതെന്നും 45 വയസ്സുള്ള അവിവാഹിതനായ ശ്രീ. സിനോജ് നിലവിൽ തൊഴിൽ രഹിതനാണെന്നും, ബന്ധുക്കളുടെ സഹായത്താലാണ് ജീവിക്കുന്നതെന്നും ആയതിനാൽ മാനുഷിക പരിഗണന നൽകി ശ്രീ.സിനോജിന് ബോർഡിൽ രജിസ്ട്രേഷൻ അനുവദിക്കണമെന്നും, അനുവദിക്കുന്ന പക്ഷം നാളിതുവരെയുള്ള കുടിശ്ശിക ബന്ധുക്കളുടെ സഹായത്താൽ അടയ്ക്കാൻ തയ്യാറാണെന്നും ബോധിപ്പിച്ചു. എന്നാൽ ബോർഡ് പ്രതിനിധികൾ WP(C)7052/2008 ലെ വിധി പ്രകാരം 30/06/2008-ലെ ഹിയറിംഗിൽ ലൈസൻസി വിരുദ്ധമായി മൊഴി നൽകിയെന്നും ശ്രീ.മോഹൻലാൽ ഹാജരാക്കിയ അറ്റൻഡൻസ് രേഖകൾ വിശ്വാസയോഗ്യമല്ലെന്നും അറിയിച്ചു. മറ്റ് തൊഴിലാളികളിൽ നിന്നും കയ്യേറ്റം ചെയ്യുന്നതുൾപ്പെടെയുള്ള ഭീഷണി ഉണ്ടായതിനെ തുടർന്നാണ് 10/07/2006-ലെ തെളിവെടുപ്പിൽ നിന്നും വിട്ടുനിന്നതെന്നും 30/06/2008-ലെ ഹിയറിംഗിൽ വിരുദ്ധമായ മൊഴി നൽകിയതെന്നും വെളുപ്പിന് കള്ളുമായി എത്തുന്ന ചെത്ത് തൊഴിലാളികൾ അറ്റൻഡൻസ് രജിസ്റ്ററിൽ ഒപ്പ് വെയ്ക്കാറില്ലെന്നും, കരുനാഗപ്പള്ളി റേഞ്ചിലെ മിക്ക ഷാപ്പുകളിലെയും അറ്റൻഡൻസ് രജിസ്റ്റർ ഈ രീതിയിലുള്ളതാണെന്നും ഹിയറിംഗിൽ ഹാജരായ ലൈസൻസി ശ്രീ. മോഹൻലാൽ അറിയിച്ചു.

5. WPC 26504 of 2017(k) dated 13.02.2020 വിധിന്യായത്തിൽ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ സൂക്ഷിക്കുന്ന രജിസ്റ്ററിൽ ഹർജിക്കാരന്റെ പേര് കാണാത്തതിനാലും, തൊഴിലുടമയും അതുപോലെ തൊഴിലാളിയും വിഹിതം നൽകിയിട്ടുണ്ടെന്ന് കാണിക്കുന്ന രേഖകളൊന്നുമില്ലാത്തതിനാലും, ഹർജിക്കാരന്റെ പേര് രജിസ്റ്റർ ചെയ്യാൻ എതിർ കക്ഷികളോട് കോടതി നിർദ്ദേശിക്കുന്നത് ഉചിതമല്ലെന്നും 2003 മുതൽ കള്ളുഷാപ്പിൽ ജോലി ചെയ്തിട്ടുള്ളതായി ഹർജിക്കാരൻ പറയുന്നുണ്ടെങ്കിലും ആയത് സാധൂകരിക്കുന്ന ഒരു മെറ്റീരിയലും ഹാജരാക്കിയിട്ടില്ലെന്നും കോടതി നിരീക്ഷിച്ചിട്ടുള്ളതാണ്. ഒരു ലൈസൻസിയുടെ കീഴിൽ തുടർച്ചയായി മൂന്ന് മാസത്തേക്ക് ജോലി ചെയ്ത ഒരു നിയമാനുസൃത കള്ള് ചെത്തുകാരന് മാത്രമേ രജിസ്റ്റർ ചെയ്യാൻ അർഹതയുള്ളൂ എന്നും യാതൊരു മെറ്റീരിയലുകളും ഇല്ലാതെ ഹർജികക്ഷികളെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രതിനിധികളുടെ സാന്നിധ്യത്തിൽ നേരിൽ കേൾക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പേര് രജിസ്റ്റർ ചെയ്യാൻ കക്ഷികളോട് നിർദ്ദേശിക്കുന്നത് ആക്റ്റിലെയും സ്കീമിലെയും വ്യവസ്ഥകളുടെ വ്യക്തമായ ലംഘനമായിരിക്കുമെന്നും കോടതി നിരീക്ഷിച്ചിട്ടുണ്ട്. സ്കീമിൽ രജിസ്റ്റർ ചെയ്യാനുള്ള അർഹത കാണിക്കുന്ന മെറ്റീരിയലുകൾ സമർപ്പിക്കാനാണ് WPC 26504 of 2017(k) dated 13.02.2020 ഉത്തരവിൽ മൂന്നാം എതിർകക്ഷി ഹർജിക്കാരനോട് ആവശ്യപ്പെട്ടിരിക്കുന്നത്. ആയതിനാൽ, ഹർജിക്കാരൻ അത്തരം ഏതെങ്കിലും മെറ്റീരിയലുകൾ ഹാജരാക്കിയാൽ മൂന്നാം എതിർകക്ഷി ആയത് പരിഗണിച്ച് പുതുതായി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ് എന്നും ബഹു. കോടതി നിർദ്ദേശിച്ചിട്ടുള്ളതാണ്. മേൽ വിധിന്യായ പ്രകാരം പുറപ്പെടുവിച്ച ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ ഉത്തരവിനെതിരെ ഫയൽ ചെയ്ത WP(C) 12706/2024 നമ്പർ കേസിലെ ബഹു. കേരള ഹൈക്കോടതിയുടെ 26.06.2024-ലെ വിധിന്യായത്തിൽ, ഹർജിക്കാരന് അനുകൂലമാണെന്ന് കോടതി കണ്ടെത്തിയിട്ടില്ലെന്ന് ബഹു. കോടതി വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ, അതോറിറ്റിയുടെ മുമ്പാകെ രേഖപ്പെടുത്തിയതും ഹാജരാക്കിയതുമായി തെളിവുകളെയോ മെറ്റീരിയലുകളെയോ ശരിയായ രീതിയിൽ വിലയിരുത്താതെ, സംക്ഷിപ്തമായാണ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ പുറപ്പെടുവിച്ചിരിക്കുന്നതെന്ന് ബഹു.കോടതി നിരീക്ഷിച്ചിട്ടുമുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, എതിർവാദങ്ങളുടെ മെറിറ്റിലേയ്ക്ക് കടക്കാതെ റിട്ട് ഹർജി അനുവദിക്കുകയും ചീഫ് വെൽഫെയർ ഫണ്ട്

ഇൻസ്പെക്ടറുടെ ഉത്തരവ് റദ്ദാക്കിക്കൊണ്ട്, ഇരു ഭാഗത്തെയും വീണ്ടും കേൾക്കാൻ അവസരം നൽകിക്കൊണ്ട് പുതിയ ഒരു ഉത്തരവ് പുറപ്പെടുവിച്ച് അതിന്മേൽ നടപടി സ്വീകരിക്കാൻ ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകി ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളത്.
WP(C) 12706/2024 നമ്പർ കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ 26.06.2024-ലെ വിധിന്യായത്തിലെ നിർദേശം പാലിച്ചുകൊണ്ട് ചീഫ് വെൽഫെയർ ഫണ്ട് ഇൻപെക്ടർ പുറപ്പെടുവിച്ച ഉത്തരവിനെതിരെയാണ് സർക്കാരിന് അപ്പീൽ സമർപ്പിച്ചിട്ടുള്ളതെന്ന് കാണുന്നു. ആയതിനാൽ, സർക്കാർ മുമ്പാകെ രേഖപ്പെടുത്തിയതും ഹാജരാക്കിയതുമായി തെളിവുകളെയോ മെറ്റീരിയലുകളെയോ ശരിയായ രീതിയിൽ വിലയിരുത്തിയും മേൽ കോടതി വിധികളിലെയും ആക്റ്റിലെയും വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചുകൊണ്ടും സർക്കാർ ഈ വിഷയം പരിശോധിച്ചു.

6. 2005-06 കാലയളവിൽ ശ്രീ സിനോജ് തൊഴിലെടുത്തിരുന്നു എന്ന് തെളിയിക്കാൻ കഴിഞ്ഞിട്ടില്ല. ശ്രീ. സിനോജിന് മുൻകാല പ്രാബല്യത്തോടെ രജിസ്ട്രേഷൻ നൽകാൻ ആക്ടിലോ സ്കീമിലോ വ്യവസ്ഥയില്ല. തുടർന്ന് വന്ന ലൈസൻസികളുടെ കാലയളവിൽ ശ്രീ സിനോജ് ജോലി ചെയ്തിട്ടില്ല. മുൻകാല പ്രാബല്യത്തോടെ രജിസ്ട്രേഷൻ നൽകുന്ന പക്ഷം ടിയാൻ ജോലി ചെയ്യാത്ത തുടർ വർഷങ്ങളിൽ ക്ഷേമനിധി നിർണ്ണയിക്കണം എന്നുള്ളതിനാൽ ഇല്ലാത്ത ബാധ്യത ഏറ്റെടുക്കാൻ തൊഴിലുടമകൾ തയ്യാറാവില്ല എന്ന് മാത്രമല്ല ആ കാലയളവിലെ മറ്റ് ആനുകൂല്യങ്ങൾ തൊഴിലുടമകളിൽ നിന്നും ലഭിക്കണമെന്ന അവകാശ വാദത്തിന് കാരണമാകുകയും ചെയ്യുമെന്ന് കാണുന്നു. വലിയ ഒരു തുക പലിശ ഇനത്തിൽ (പിഴപലിശ 18%) അടയ്ക്കുവാനുള്ള ബാധ്യതയും ഉയർന്നുവരുമെന്നു കാണുന്നു. കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി നിയമവും പദ്ധതിയും പ്രകാരം ക്ഷേമനിധി വിഹിതം തൊഴിലാളികളിൽ നിന്നും ഈടാക്കി, തൊഴിലുടമ വിഹിതം സഹിതമാണ് അടയ്ക്കപ്പെടേണ്ടത്. മുൻകാല പ്രാബല്യമില്ലാതെ ശ്രീ.സിനോജിന് രജിസ്ട്രേഷൻ നൽകിയാൽ പുതുതായി വരുന്ന ലൈസൻസികൾക്ക് ടിയാന് ജോലി നൽകേണ്ടി വരും. അത് നിലവിലെ തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് നൽകേണ്ടി വരുന്ന ജോലിയും അതിനനുസൃതമായ വേതന ആനുകൂല്യങ്ങളും അടക്കം വലിയ ബാധ്യതയാകും എന്നതിനാൽ ലൈസൻസ് ചെയ്തെടുക്കാൻ ആൾക്കാർ വിമുഖത കാണിക്കുമെന്നത് കൂടാതെ കാലക്രമത്തിൽ ടി ഷോപ്പ് റദ്ദാകുവാനും സാധ്യതയുണ്ട്. മേൽ സാഹചര്യത്തിൽ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗത്വം അനുവദിക്കണം എന്ന ശ്രീ.സിനോജ്-ന്റെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റെറ്റി പി തോമസ്
അണ്ടർ സെക്രട്ടറി

ശ്രീ. സിനോജ്, S/o. ബാലകൃഷ്ണപിള്ള, താന്നിമൂല ഇടത്തുണ്ടിൽ, മുരുന്തൽ 'എ' വാർഡ്, പെരിനാട് പി.ഒ, കൊല്ലം -691601.
ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
Date: 20-02-2026 14:28:06
സെക്ഷൻ ഓഫീസർ

പകർപ്പ് : 1. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
2. തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ്.-ന്